നെയ്യാർ ഡാമിൽനിന്നും ജലം സൗജന്യമായി നൽകുന്നത് സംബന്ധിച്ച്

21 (*198) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർഡാമിൽ നിന്നും കന്യാകുമാരി ജില്ലയിലേക്ക് സൗജന്യമായി ജലം നല്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് അടിസ്ഥാനത്തിലെന്ന് പറയുമോ;

(സി) ഈ സൗജന്യ ജലവിതരണം നിർത്തി വയ്ക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) എങ്കിൽ എന്തെന്ന് വിശദീകരിക്കുമോ;

(ഇ) പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി സൗജന്യ ജലവിതരണം ഉടനടി അവസാനിപ്പിക്കുമോ;

(എഫ്) ഇതിന് ഒരു തടസ്സവുമില്ലാത്ത പക്ഷം അത് നിർത്തിവയ്ക്കാൻ അടിയന്തരമായി നിർദ്ദേശം നല്കുമോ;

(ജി) നെയ്യാർ ഡാമിൽ നിന്ന് സംസ്ഥാനത്തെ കർഷകർക്ക് നല്കുന്ന വെള്ളത്തിന് സെസ്സ് നല്കേണ്ടതായി ഉണ്ടോയെന്ന് അറിയിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) 1954-ൽ നിർമ്മാണം ആരംഭിച്ച നെയ്യാർ പ്രോജക്ടിന്റെ ചില ഭാഗങ്ങൾ കന്യാകുമാരി ജില്ലയിലെ വിളവംകോട് താലൂക്കിൽ ഉൾപ്പെട്ടിരുന്നു. പ്രസ്തുത പ്രദേശം 1956-ലെ സംസ്ഥാനങ്ങളുടെ പുനഃസംഘടനയ്ക്കു ശേഷം തമിഴ്നാടിന്റെ അധീനതയിലായി. കേരള സംസ്ഥാനത്തിന്റെ പുനഃസംഘടനയ്ക്ക് ശേഷവും വിളവംകോട് താലൂക്കിലെ കൃഷി ആവശ്യത്തിനായി നെയ്യാർ പദ്ധതിയിൽ നിന്നും തമിഴ്നാടിന് ജലം നൽകി വരുന്നുണ്ട്. പ്രത്യേകിച്ച് ഉത്തരവുകളൊന്നും ഇതു സംബന്ധിച്ച് നിലവിലില്ല.

(സി-ഇ) പദ്ധതിയുടെ ആയക്കെട്ടിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശമായതിനാൽ ജലവിതരണം നിർത്തിവയ്ക്കുന്നത് കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കും. തമിഴ്നാട് ഗവൺമെന്റ് വളരെക്കാലമായി ഇക്കാര്യത്തിൽ ഒരു ഉടമ്പടി ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുന്നുണ്ടെങ്കിലും കേരളം സമ്മതിച്ചിട്ടില്ല. വെള്ളത്തിന് വില ഈടാക്കണമോ എന്ന കാര്യവും പരിഗണനയിലുണ്ട്. ഈ വിഷയങ്ങൾ പരിശോധന വിധേയമാകയാൽ, ജലവിതരണം നിർത്തിവയ്ക്കുന്നതിനെ സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ജലവിതരണം നിർത്തിവയ്ക്കുമ്പോൾ ഉണ്ടായേക്കാവുന്ന രാഷ്ട്രീയ, സാമൂഹിക, വൈകാരിക പ്രശ്നങ്ങൾ മൂലം അന്തർസംസ്ഥാന ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടാൻ സാദ്ധ്യതയുണ്ട്. ജലവിതരണം നിർത്താൻ നിയമപരമായി തടസ്സമില്ലെങ്കിലും ഇതിൽ നിന്നും ഉടലെടുത്തേക്കാവുന്ന പ്രത്യാഘാതങ്ങൾ കണക്കിലെടുത്തതിനുശേഷം ആവശ്യമെന്ന് കണ്ടാൽ അത്തരം നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) ഇറിഗേഷൻ സെസ് നൽകേണ്ടതുണ്ട്.

ലോട്ടറി നിരോധനം

22 (*199) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ലോട്ടറി നിർത്തലാക്കാൻ മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(ബി) സമീപകാലത്ത് ലോട്ടറി സംബന്ധമായ കേസിനെക്കുറിച്ച് സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ന്യായം സർക്കാർ വിശദമായി പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന ലോട്ടറി നിർത്തലാക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഭാഗ്യക്കുറിയുമായി ബന്ധപ്പെട്ട ഏജന്റുമാരും ലോട്ടറി ടിക്കറ്റ് വില്പന നടത്തുന്നവരുമായി ഉദ്ദേശം എത്ര ആളുകൾ കേരളത്തിൽ ഉണ്ട്;

(ഇ) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(എഫ്) നിർത്തലാക്കിയ ലോട്ടറി പുനഃരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഉണ്ട്. 1998-ലെ കേന്ദ്ര ലോട്ടറി (നിയന്ത്രണ) നിയമത്തിലെ 4-ാം വകുപ്പിലെ നിബന്ധനകൾക്ക് വിരുദ്ധമായും സംസ്ഥാന ലോട്ടറി ചട്ടങ്ങൾക്ക് വിരുദ്ധമായും നടത്തിവന്നിരുന്ന അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ ലോട്ടറി ഡയറക്ടർ പുറപ്പെടുവിച്ച നോട്ടീസിനെയും കേരള സംസ്ഥാന ലോട്ടറീസ് & ഓൺലൈൻ ലോട്ടറീസ് (റെഗുലേഷൻ) റൂൾസിലെ ചട്ടം 24 (3) ചോദ്യം ചെയ്തു കൊണ്ടും ലോട്ടറി ഏജന്റുമാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതി 17-11-03 -ലെ വിധി പ്രകാരം ലോട്ടറി ഡയറക്ടറുടെ നടപടി ശരിവയ്ക്കുകയുമുണ്ടായി. ഇതിനെതിരെ അന്യസംസ്ഥാന ലോട്ടറി ഏജന്റുമാർ ഫയൽ ചെയ്ത കേസിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 19-12-03-ലെ ഇടക്കാല ഉത്തരവിൽ കേരള ലോട്ടറി ചട്ടങ്ങളിലെ 24-ാം ചട്ടം (3) ഉം (10)ഉം ഉപചട്ടങ്ങൾ സ്റ്റേ ചെയ്തു. 28-4-2004 -ലെ ഡിവിഷൻ ബഞ്ചിന്റെ അന്തിമ വിധി സർക്കാരിന് അനുകൂലമായിരുന്നു എങ്കിലും ഇതിനെതിരെ അന്യ സംസ്ഥാനങ്ങൾ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത അപ്പീലിൽ ഹൈക്കോടതി ഡിവിഷന്റെ ബഞ്ചിന്റെ 19-12-2003-ലെ ഇടക്കാല ഉത്തരവ് നിലനിൽക്കുമെന്ന് 17-5-2004-ൽ സുപ്രീം കോടതി ഉത്തരവായി. ഹൈക്കോടതിയിൽ നിലവിലുള്ള 16-12-04-ലെ മറ്റൊരു വിധിപ്രകാരം സംസ്ഥാന സർക്കാരിന് അന്യസംസ്ഥാന ലോട്ടറി, അവ വില്പന നികുതി അടച്ചുകൊണ്ട് ഒറ്റ നമ്പർ ഒഴികെയുള്ള ലോട്ടറികൾ നടത്തുന്നപക്ഷം അവർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. അനധികൃത ലോട്ടറികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ കേന്ദ്ര നിയമം 5 പ്രകാരം സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. എന്നാൽ ബി. ആർ.

LIBRARY ARCHIVES Kerala Legislative Assembly